


# അസംപ്ഷൻ ഹൈസ്കൂൾ

## സുൽത്താൻ ബത്തേരി



ലിറ്റിൽ കൈറ്റ്സ് -2018-19





# ചിത്രപതംഗം

*Digital magazine*

*asssumption.highschool sulthan bathery*





“ വിദ്യാഭ്യാസമെന്നത് കേവലം
ജ്ഞാനാർജ്ജനം മാത്രമല്ല ,മറിച്ച്
വ്യക്തിയുടെ സർവതോന്മുഖ വികാസമാണ് ”




# OUR SCHOOL




ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഉദ്ഘാടനം










little kite activities..........

# എഡിറ്ററുടെ വാക്കുകൾ....



ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ
ആഭിമുഖ്യത്തിൽ ഒരു മാഗസിൻ പുറത്തിറക്കുക
എന്നത് ഒരു വലിയ ആഗ്രഹമായിരുന്നു.
കുട്ടികൾക്ക്അവരുടെ കഴിവുകൾ വളർത്താനുള്ള
അവസരമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത് .
ഡിജിറ്റലായി പ്രസിദ്ധീകരിക്കുന്നതിനാൽ
പരിസ്ഥിതി സൗഹൃദവുമാണ്.പിന്നിൽ കുറെ
പേരുടെ പരിശ്രമമുണ്ട്
എല്ലാവർക്കും ആശംസകൾ നേരുന്നു............





# Team  Little kites









# Editorial board


**Cheif Editor :Ajai aji**

**Sub Editor :Rahul**


**Asst.Editor :Andria**

**Art Editor :Linsha**

**Cover page :liya**



**Members : Abhina**
**Basil**
**Sreerag**
**Sherein**



# താളുകൾ മറിക്കുമ്പോൾ......

സ.ന്ദേശം.. 11
സന്ദേശം... 12
ഓർമ്മകൾക്കെന്ത് സുഗന്ധം.......കവിത 13
മനുഷ്യൻ. ....................................കഥ 15
ചിത്രശാല,,,. 16
നന്മ.............................................കഥ 18
Love forever............ഇംഗ്ളീഷ് കവിത 21
അപ്പോഴും മഴ.................................കഥ 23
drawing............................................28
അമ്മ.......................................കവിത 29
*വെള്ളം പാഞ്ഞുകയറി................ കഥ 30*
बचपन...........................ഹിന്ദി കവിത 32
വീട്ടിൽ നിന്നും സ്കൂളിലേക്ക്.............കഥ 33
Another Chance......ഇംഗ്ളീഷ് കവിത 38
English Versification.........................43
വിജയം വന്ന വഴികൾ...................കഥ 45
മഴയെ തോൽപ്പിച്ച്...........................കഥ 47
പഠനവും...........................ഗുണപാഠ കഥ 48
മഞ്ഞുമലകൾ സൃഷ്ടിക്കുന്നവർ.............കഥ 52
യുഗം..........................................കവിത 54
സത്യം.........................................കവിത 55
യുദ്ധഭ്രുമി.......................................കവിത 57
*ഭയം .............................................കഥ* 58
*MY QUOTES ADOUT CONFIDENCE*.62
ഈ യാത്ര എങ്ങോട്ട്..........................*കഥ* 63
രണ്ട് വഴികൾ.....................ഗുണപാഠകഥ 64
ഓർമ്മ..........................................കവിത 65
ചിത്രം....................................................67
കുട്ടിക്കാലം...................................കവിത 68
എന്റെ പ്രണയം...........................കവിത 69
സ്വയം തീർക്കുന്ന...............................കഥ 70
ചില മഹത്വചനങ്ങൾ................................ .73





## സന്ദേശം...

" ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. കുട്ടികൾക്ക്അവരുടെ സർഗ്ഗവാസന വളർത്താനുള്ള അവസരമായി ഇതിനെക്കാണാം.

ഡിജിറ്റലായി പ്രസിദ്ധീകരിക്കുന്നതിനാൽ എല്ലാ കുട്ടികൾക്കും സ്വതന്ത്രമായി വായിക്കുന്നതിനും ആസ്വദിക്കുന്നതിനും അവസരമൊരുങ്ങുന്നു.പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു.”

ഒപ്പ്

ശ്രീ :N.U. ടോമി.

( ഹെഡ്മാസ്റ്റർ)



# സന്ദേശം.........

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ

പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ,

കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ

പ്രകടമാക്കുന്നതിനുള്ള അവസരമാവട്ടെ

എന്ന് ആശംസിക്കുന്നു....


ഒപ്പ്

ശ്രീ. സഖറിയാ മണ്ണിൽ(PTA.പ്രസിഡൻറ്)

# ഓർമ്മകൾക്കെന്ത് സുഗന്ധം... കവിത




ദേവനന്ദൻ പി എസ്.9 ബി





ഓർമ്മകൾ എൻ ഓർമ്മകൾ
വീടിന്റെ മുറ്റത്ത് കളിച്ച നടന്ന ഓർമ്മകൾ
കുസൃതിക്കാട്ടി നടന്ന ഓർമ്മകൾ
അടി വാങ്ങി നടന്ന കാലം
കരഞ്ഞു നടന്ന കാലം
ആരെയും ഒന്നും ചെയ്യാത നടന്ന കാലം
എന്റെ മധുരമായ ഓർമ്മകൾ
ഓർമ്മകൾകെന്ത് സുഗന്ധം
എല്ലാവർക്കും ഇഷ് ട്ടം തോന്നിയ കാലം
ആര് കണ്ടാലും കേതിക്കുന്ന കാലം
എന്റെ കുട്ടിക്കാലം
ഓർമ്മകൾ എന്ത് നല്ല ഓർമ്മകൾ
ഓർമ്മകൾക്കെന്ത് സുഗന്തം





# മഴത്തുള്ളിയുടെ ജനനം.....

ആകാശ കൊട്ടാരത്തിൽ
മേഘമാതാവിൻ ഉദരത്തിൽ നിന്നും
പതിയെ ഉണർന്നു ഞാൻ
കൈകാലുകൾ ഇളക്കി
കുഞ്ഞു മോണകാട്ടി ചിരിച്ചുഞാൻ
അമ്മതൻ താരാട്ടു കേട്ടു കൊതി-
തീരും മുൻപെ...

എൻ ഹൃദയം പതിയെ നുറുങ്ങി
മേഘമാതാവിൻെ മാറിൽ നിന്നും
പതിയെ പതിയെ താഴേക്ക്
ഭൂമിമാതാവിൻ മടിതട്ടിലേക്ക്
അവിടം എനിക്ക് താരാട്ടു മാത്രം....

ഡോണ ജോർജ്
9.E

# മനുഷ്യൻ

കവിത



അമയ കെ.ഉണ്ണി 9E






മനനം ചെയ്യാൻ കഴിവുള്ളവൻ
ഹൃദയത്തിൽ
മോഹത്തിൻ വിത്ത് പാകുന്നു
പിന്നീട് കതിര് കൊയ്യാൻ കാത്തിരിക്കുന്നു
സ്നേഹിക്കാൻ തുടങ്ങുന്നു പിന്നെ
സ്നേഹം പങ്കുവയ്ക്കുന്നു
ചിലപ്പോൾ
വെറുക്കുന്നു പടവാളേന്തുന്നു
പടവെട്ടി മരിക്കുന്നു
ശാസ്ത്രത്തിൻ പുതുമുത്തുകൾ കണ്ടെത്തുന്നു
പുതുയുഗങ്ങൾ പടുത്തുയർത്തുന്നു
ജീവജാലങ്ങളിൽ ദിവ്യനായി
ഈയൊരു ഭൂമിയെ മേയിച്ചു നടക്കുന്നു




# ചിത്രശാല






: ***manjima***



**ലിയ.പി.എസ്**

# നന്മ



# നശിക്കുന്നില്ല. . . കഥ

നന്മ നശിക്കുന്നില്ല, അതുശരിയാണ്.

ഈ ലോകം വിട്ട് നന്മ നശിക്കുന്നില്ല, പക്ഷെ

മനുഷ്യർ നന്മ നശിപ്പിക്കുകയാണ്. അതിനേറ്റവും

ഉദാഹരണം വൃദ്ധസദനം, അനാധാലയം

എന്നിവയാണ്.സ്വന്തം മക്കളെ പൊന്നുപോലെ

നോക്കി വലുതാക്കിയപ്പോൾ അവർക്കുലഭിച്ച പ്രതിഫലം



വൃദ്ധസതനത്തിലേക്കുള്ള വഴികളാണ്.

ഈ നാട്ടിൽ ആശുപത്രിയോ കടകളോ ഒന്നുമല്ല

വൃദ്ധസതനം അനാധാലയം എന്നിവയാണ് ഇതാണോ

ദൈവത്തിന്റെ സ്വന്തം നാടിന്റെ നന്മകൾ?

എന്തുകൊണ്ടാണ് നാടിന്റെ നന്മ നിറഞ്ഞുവളരേണ്ട

പുതിയ തലമുറ ഇങ്ങനെയാകുന്നത്?

നന്മ, ഒത്തൊരുമ, സൗഹൃദം, സംഭാഷണം എന്നിങ്ങനെ

പലതും നമ്മുടെ പുതിയ തലമുറക്കറിയില്ല. അവർക്ക്

നന്മയുടെ പാതയിലൂടെ പിൻതുടരാൻ അറിയില്ല.

അതിനുപകരം അവർ തിനന്മ സ്വീകരിച്ചു.അതാണ്

ലോകത്തിനുപറ്റിയ അബദ്ധം. അവർ അങ്ങനെ നമ്മുടെ

നാടിനെ തളർത്തി നന്മയെ നശിപ്പിക്കുന്നു.

ഇപ്പോൾ ഒന്നും അതിന്റെ ഭവിഷത്ത് നമ്മൾ

അറിയില്ല. തിന്മ, നുണ എന്നിവയിലൂടെ അവർ വിജയം

കൈവരിച്ചു. പക്ഷെ അവർ ഓർക്കുക നന്മ

നശിക്കുന്നില്ല, നശിക്കപ്പെടുകയുമില്ല.

ആദ്യം തിന്മ മധുരമുള്ളതായി

തോന്നും. പക്ഷെ, പിന്നെയായിരിക്കും

മനസ്സിലാക്കുക

തിന്മ കൈപ്പേറിയതും നന്മ

മധുരമേറിയതുമാണെന്ന്. നമ്മൾ



ഒരു ദിവസമെങ്കിലും നുണ പറയാതെ ഇരുന്നിട്ടുണ്ടോ?

ഇല്ല. നുണപറയുമ്പോൾ ആ ഒരു നിമിഷം ചിലപ്പോൾ

നമ്മൾ വിജയിക്കും. പക്ഷെ ഓർക്കുക ഒരു നുണ

പറഞ്ഞാൽ അത് ശരിയാക്കാൻ ആയിരം നുണ

പറയേണ്ടിവരും. നന്മ നശിക്കാൻ കാരണം നന്മ നിറഞ്ഞവരെല്ലാം ഈ ഭൂലോകം വിട്ട് മണ്ണടിഞ്ഞു പോയിരിക്കുന്നു. ഉദാഹരണം മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, എ.പി.ജെ.അബ്ദുൽ കലാം, ശ്രീ ബുദ്ധൻ എന്നിവർ. അവരായിരുന്നു നമ്മുടെ യഥാർത്ഥ നന്മയുടെ ഉദാഹരണം. മനുഷ്യൻ ഒന്നോർക്കുക, ഒരു നാൾ നന്മ നശിക്കും നിങ്ങളുടെ കുടുംബവും വേണ്ടപ്പെട്ടവരും അതുപോലെ വേർപെടും. അപ്പോൾ നമ്മൾക്ക് ഓർമ്മവരും നന്മ,മഹത് വ്യക്തിത്വങ്ങളെ ഓർക്കും, . കാരണം നന്മ അതാണ് ഈ ഭൂമിയിൽ ഏറ്റവും മഹത്തായത്.

**അർച്ചന സുനിൽ**

**Viii: A**





# Love forever-

poem



**The most meaningful word of all**

**That no age can make it old**

**One that's the most meaningful**

**Of all the words that is beautiful**



**Had be not felt it?**

**Had we never known its feat**

**Would've been a waste land**




**Of bonds and dust.**

**This earth is a soulless place to rest.**

But still, many don't know

The eternal shine its reallyshows

For it can't be deployed or dealt



But at heart, can only be felt.

Its the soul to this heart,

The guide to this life,

And to a wondered,a friend in kind.

With patronage,for destiny find.

Word with money and beauty in itself.

Its a sacred gift from the god.

Its nothing but its love.

**BHAVANA.K.S**

**IX:B**





# അപ്പോഴും

-കഥ





## മഴ പെയ്തുകൊണ്ടിരുന്നു...

മഴത്തുള്ളികൾ വീടിനെയും ഞങ്ങളെയും കാക്കുന്ന ഓടിന്റെ മുകളിലേക്ക് കുത്തിവീഴുന്ന ശബ്ദം ഞാൻകേൾക്കുന്നുണ്ടായിരുന്നു. അത് എന്നെ അരണ്ട നിദ്രയിൽ നിന്നും ഉയർത്തി. ഇളം തിണ്ണയിലിരുന്നേ മുത്തശ്ശി പറയുന്നുണ്ട്. ഇന്നും മഴ പെയ്യുമായിരിക്കും. ഞാൻ പതിയെ കണ്ണുകൾ തുറന്നു ചെറിയ ജാലകത്തിലൂടെ സൂര്യൻ ഭൂമിയിലേക്ക് ഒളിഞ്ഞുനോക്കുന്നത് ഞാൻ കാണുന്നുണ്ട്... ഞാൻ പതിയെ കിടക്കയിൽനിന്നും എഴുന്നേറ്റു. പതിവുപോലെ ഇനി ഒരുങ്ങി ക്ലാസ്സിൽ പോകണം... അമ്മ എന്നെ വിളിക്കുന്നുണ്ട്. എടി അമ്മാളൂ എഴുന്നേറ്റു വാടി നേരം പോയി... നീ ഇന്ന്

പള്ളിക്കൂടത്തിൽ പോണില്ലോടീ... ഞാൻ വേഗം അടുക്കളയിലേക്കു പാഞ്ഞു.അടുക്കളയിൽ പഴയ ഒരു ചെറിയ കന്നാസിൽ അമ്മ സൂക്ഷിച്ചിരുന്ന ഉമേമിക്കരി എടുത്ത് ഞാൻ ആരോടും ഒന്നും മിണ്ടാതെ മുറിയിലേക്കുനടന്നു. വലിച്ചുവാരി



ഇട്ടിരുന്ന എന്റെ പുസ്തകങ്ങൾ പതിയെ അടുക്കി ബാഗിലാക്കി, തുണിമാറി. മുത്തശ്ശി ഉറക്കെ പറഞ്ഞു. ഈ പെണ്ണിന് ഇത് എന്നതാ പറ്റിയേ? മിണ്ടണി ല്ലല്ലോ? എനിക്കറിയില്ലാ എനിക്ക് എന്താണ് പറ്റിയതെന്ന്. ചോദിച്ചാൽ അതുമറിയില്ല. അമ്മ പറഞ്ഞു. ആർക്കറിയാം പെണ്ണിനെന്താ ഇത്ര ഇളക്കം എന്ന്... ഞാൻ ഒന്നും മിണ്ടാതെ അമ്മഅടുക്കളയിൽ തയ്യാറാക്കി വച്ചിരുന്ന കഞ്ഞി ഇത്തിരി വാരിതിന്ന് ഞാൻ എന്റെ കറുത്ത

നിറത്തിലുള്ള കാലക്കുടയും തൂക്കി ഞാൻ നടന്നു.

അപ്പോഴും മഴ പെയ്തുകൊണ്ടിരുന്നു...



വഴിയിൽ അവൻ എന്നെ പതിവുപോലെ

കാത്തുനിൽപ്പുണ്ടായിരുന്നു. അവനെ

കണ്ടതുകൊണ്ടാണോ എന്നെനിക്കറിയില്ല.

മനസ്സിൽ എനിക്ക് വല്ലാത്തൊരാശ്വാസം. അവൻ

എന്റെ കുടക്കീഴിൽ കയറി എന്നെ വട്ടമിട്ട് പിടിച്ചു.

ഞാൻ നടക്കുന്നതിന്റെ വേഗത കുറച്ചുപതിയെ

നടന്നുനീങ്ങി. മഴ പെയ്തുകൊണ്ടിരുന്നു. അവൻ

എന്നോട് മൊഴിഞ്ഞു ഇന്ന് നീ ക്ലാസ്സിൽ പോകണ്ട

ഞാൻ നിന്നെ എന്റെ അമ്മയുടെ അരികിൽ

കൊണ്ടുപോകാം. അമ്മക്ക് നിന്നെ കാണണമെന്ന്.

ഞാൻ അമ്മയോട് എല്ലാം പറഞ്ഞു. എന്റെ മന

സ്സിലെ രാപ്പാടിയേക്കുറിച്ച്, എന്റെ അമ്മാളുവിനെ

ക്കുറിച്ച്... ഞാൻ എതിർത്തു. അത്

വേണ്ട പിന്നീടൊരിക്കൽപോകാം

ഇന്ന് ക്ലാസ്സിൽ പോകാം. അവൻ


പിന്നെയും നിർബന്ധിച്ചു. എന്റെ



അമ്മ ഇന്നോ നാളയോ എന്ന് പറഞ്ഞാണ്
കിടപ്പ്. അമ്മയുടെ ആഗ്രഹം ഞാനല്ലേ
സഫലമാക്കേണ്ടത് അതുകൊണ്ടുമാത്രമാണ്



ഞാൻ നിന്നെ
നിർബന്ധിക്കുന്നത്. മനസ്സില്ലാ
മനസ്സോടെ ഞാൻ
സമ്മതംമൂളി... മരത്തിന്റെ
ചോട്ടിൽ അവന്റെ കറുത്ത
ബൈക്കുണ്ടായിരുന്നു.
അവൻ അതിൽകയറി കൂടെ
ഞാനും. മഴശക്തി
യായി തുടർന്നു. ഞങ്ങൾ ഇരുവരും നനഞ്ഞു.
ഒരു ആൾതാമസമില്ലാത്ത കുന്നിൻ ചെരിവിലേക്ക്
വണ്ടി നീങ്ങി. അത് ഓടിട്ട ഒരു ചെറിയ വീട്ടിൽ
ചെന്നുനിർത്ത.കണ്ടിട്ട്ആൾതാമസമില്ലായെന്നു
തോന്നുന്നു. ഇവിടെയാണോ നിന്റെ അമ്മ?
അതെ തറവാട്ടുവീടാണ് എന്നാൽ ഞാനും
അമ്മയും മാത്രമാണ് ഇവിടെ വസിക്കുന്നത്.



അവൻ എന്നെ പിടിച്ചു വീട്ടിലേക്കു കയറ്റി.നീ ആകെ നനഞ്ഞല്ലോ ഒന്നു ഫ്രഷായിക്കോ ഞാൻ വിസമ്മതിച്ചു. അവൻ എന്നെ ഇറുക്കി പിടിച്ചു. എന്നിട്ട്ഒരു മുത്തം നൽകി. പിന്നീട് ആ മുറിയിൽ എന്താണ് നടന്നത് എന്ന് എനിക്കറിയില്ല.ഞാൻ കണ്ണുഉറന്നപ്പോൾ അവിടെ യാകെ ഇരുട്. ഞൻ ഇരുട്ടിലേക്കുനടന്നു. അപ്പോഴും മഴ പെയ്തുകൊണ്ടിരുന്നു.


ഇവ് ലിൻ എൽദോ

ix:A



drawing..

ANAKHA.P.B -9-B



കവിത

# അമ്മ




അമ്മയൊടൊത്തൊന്നായി
ചേർന്നരിപ്പൂ പല പല
ഒർമ്മകൾ
പുഞ്ചിരിയായി
ഇന്നെൻെറ മനസ്സിൽ
ഒരു കാറ്റുപ്പോൽ പറന്നെത്തിയ
ചിന്തകൾ ഒരു പുലരിയിൽ
ഞാൻ കണ്ട മേഘങ്ങൾ പോലെ
അമ്മയുടെ മടിയിൽ കിടന്നുറങ്ങുമ്പോൾ
ഞാൻ മേഘങ്ങളിലേക്കൊന്ന് നോക്കി
നിൽപ്പൂ പല പല ചിത്രങ്ങൾ
കാണുമ്പോൾ എൻ മനസ്സിൽ
കാണുന്ന സ്വപ്നങ്ങൾ ഒരു
മുല്ല പൂവിൽ മണമായ് മാറിടുന്നു



മരിയ ഷാജി -8-b



# പ്രളയം





**വെ**ള്ളം പാഞ്ഞുകയറി അവർ തളർന്നില്ല. വഞ്ചിയുമെടുത്ത് വീട്ടിലുള്ളവരെയും കൂട്ടി അവൻ തുഴയാൻ തുടങ്ങി. ഏത്ര തുഴഞ്ഞിട്ടും കര കാണാൻ കഴിഞ്ഞില്ല. അവന്റെ ആത്മവിശ്വാസത്തിൽ പ്രകൃതി പോലും അന്തം വിട്ടു നിന്നു. മഴയെ തോൽപ്പിച്ച് മുന്നേറി. കുറച്ച് കഴിഞ്ഞപ്പോൾ അവന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. ദൂരെ ഒരു മല. കുറേപ്പേർ ആ മലയിൽ കുടിയിട്ടുണ്ട്.



അവർ അവിടെ എത്തി.എല്ലാ മതക്കാരും അവിടെ
കൂടിയിട്ടുണ്ട്. കണ്ണെത്താ ദൂരത്ത് വെള്ളമാണ്. കര കടലാ
യിരിക്കുന്നു ശേഷിച്ച ജീവൻ എങ്ങനെ ജീവിച്ചുതീർക്കും എന്നറിയാതെ
എല്ലാവരും അവിടെ കിടന്നു...........

***danish navar.k***





**बचपन–** കവിത



***मुझे भी थल एक बचपन***
***रंगों से भरे हुए बचपन ।***
***सिर्फ एक ही सहेली मेरी***
***अममी खेलने की कूदने की ।***
***खो आई थी उस दिन***
***मगर धूप क्या था ये मूझे***
***न मालूँ थी ।***




फातिम फसम -
9e





കഥ

# വീട്ടിൽ നിന്നും സ്ക്കൂളിലേക്ക്....




© Can Stock Photo - csp11556100


സമാധാനം എന്തെന്ന് അവൾ അറിഞ്ഞില്ല. അമ്മയും അച്ഛനും എപ്പോഴും വഴക്ക്. ആകെ സന്തോഷമുള്ളത് ഏട്ടനോടൊത്ത് ഊഞ്ഞാലാടുമ്പോഴുമൊക്കെയാണ്. അമിതമായി സന്തോഷിക്കുന്ന ദിവസമെല്ലാം അവൾക്ക് കരഞ്ഞുതീർക്കാൻ ബുദ്ധിമുട്ടാണ്.


ചേട്ടൻ, സന്തോഷത്തിൻെറ ആകെയുള്ളൊരു തിരി. എരിഞ്ഞ ടഹ്ങ്ങിയ കരിക്കട്ടപോലെ. വീട് സമാധാനത്തിൻെറ കുരയായി മാറുന്ന കാലത്ത് സങ്കടക്കടലാവുന്നു. വിദ്യാഭ്യാസം ഏതൊരു കുട്ടിയുടെയും അവകാശമല്ലെ എന്നാൽ അവൾക്കും അവളുടെ സഹോദരനും അതൊരു കിട്ടക്കനിയായിരുന്നു. എന്നാൽ സ്കൂളിലെ ടീച്ചർമാരും പഞ്ചായത്ത് പ്രസിഡൻറും എല്ലവരും ചേർന്ന് അമ്മയോട് വന്നവർ അരേക്ഷിച്ചു.പണമില്ലെന്നും മറ്റും പറഞ്ഞ് അമ്മഒഴിവാക്കൻശ്രമിച്ചെങ്കിലും നടന്നില്ല. അവസാനം അമ്മ സമ്മദിച്ചു. തിങ്കളാഴ്ച്ച മോളേയും കൂട്ടി സ്കൂളിൽ വരണമെന്ന് ടീച്ചർ പറഞ്ഞു.തിങ്കളാഴ്ച്ച രാവിലെ ഞാനും ഏട്ടനും അമ്പലക്കുളത്തിൽ കുളിച്ചിട്ടിൽ തിരിച്ചു വന്നപ്പോഴേക്കും അമ്മയതാപുത്തൻസാരിയുടുത്ത്



shutterstock.com • 375733768

വാതിൽക്കൽ നിൽക്കുന്നു. ഏട്ടൻ അല്പം ജിജ്ഞാസയോടെ എന്നോട് ചോദിച്ചു അമ്മ പുതിയ സാരിയൊക്കെ വാഹ്ങിച്ചോ? അച്ഛനെപപോലെ അമ്മയും നമമളിൽ നിന്നകലാൻ തുടങ്ങയോ വീട്ടിലെ പടി ചവിട്ടി കയറിയപ്പോൾ അമ്മയതാ രണ്ടുസഞ്ചകൾ കൊണ്ടുവന്ന് ഞങ്ങളുടെ കയ്യിൽ തന്നു. എന്നിട്ട് അമ്മപറഞ്ഞു ആരാണെന്ന റിയില്ല... ഞാൻ കുളിച്ചിട്ടുവന്നപപോൾസഞ്ചിയിൽ പുത്തനുടുപ്പുകൾ. ഇനിയിപ്പോൾ അതനെക്കുറിച്ച് ചിന്തിക്കാനൊന്നുമില്ല. വേഗം തുണി മാറിയിട്ടുവരൂ ഇപ്പോഴെ നേരം വൈകി... സ്കൂളിൻെറ ആദ്യത്തെ പടി ചവിട്ടിയപ്പോൾ ഹൃദയമിടിപ്പ് പതിവിലും ശബ്ദത്തോടെ ഇടിക്കുന്നതായി തോന്നി.



sherin



*SONU*



# Another Chance

MUHMMED SHAMIL- 9E

-കവിത

How often we wish for another chance
To make a fresh beginning
A chance to blot out our mistakes
And change failure into winning

It does not take a new day
To make a brand new start,
it only takes a deep desire
To try with all our heart





# ഐക്യകേരളം

കവിത



പെൺമുകിൽ കുഞ്ഞുങ്ങൾ നീന്തിക്കളിക്കുന്ന
നിർമ്മലാകാശ ജലാശയവും....
ദൂരത്തുമിന്നുമാ മാമലയും
ഉന്മേഷത്തിൻ പച്ചപ്പാവാടയും ചുറ്റി
യുല്ലസിച്ചിട്ടുമാപാടങ്ങളും.....
കാനനച്ചോലയിൽ വീണവായിച്ചു
കൊണ്ടാനദി ചൂടുമുൾ നാടുകളും.....



റിഷാൻ
9E

# ആദരവ്



കഥ

ഇന്ന് അവൻ എന്നോട് സംസാരിച്ചില്ലെങ്കിൽ പിന്നീട് ആ ജീവിതം സ്വപ്നം കാണാൻ എനിക്കവസരമുണ്ടായി എന്നുവരില്ല. ഞനാ പ്ലാവിൻ ചോട്ടിൽ മഴയുടെപൊട്ടിക്കരച്ചിലിൽ മുഴുകിയിരുന്നു. ജവിക്കാൻ ഒരു ആനന്ദം തോന്നിത്തുടങ്ങയത് അവനെ കണ്ടതിനുശേഷമാണ്.

മദ്യത്തിന്റെ ലഹരിയിൽ മുഴുകി ജീവിച്ചുകൊണ്ടിരിക്കുന്ന അച്ഛൻ ഇന്നെനിക്കൊരു പേടിസ്വപ്നമാണ്. അച്ഛന്റെ കൂടെയുള്ള ജീവിതം. അത് ദുസ്സഹനമാണ്. പ്രസവിച്ച കുഞ്ഞിനെ ഒരുനോക്ക് കാണാൻപോലും കൂട്ടാക്കാതെ അമ്മ പറന്നകന്നു. ഇപ്പോൾ ആലോചിക്കുമ്പോൾ വെറുപ്പ് തോന്നുന്നു.ആ ചെറ്റക്കുടിലിൽനിന്ന് കരകയറാൻ ആവേശം പകർന്നത് അവൻ മാത്രമാണ്. എന്റെമാത്രം റിന്റോ. അവന്റെ കൈയ്യിൽനിന്നകലാൻ ഞാൻ ജീവിച്ച ക്യാംപസ്ദിനങ്ങൾ



മറക്കുവാൻ ഹൃദയത്തുടിപ്പുകൾ അനുവതിക്കുന്നില്ല. അതുകൊണ്ടുതന്നെ അവനുവേണ്ടിഞാൻ എന്നും കാത്തുനിൽക്കുന്ന ആ പ്ലാവിൻ ചോട്ടിൽ ഞാൻ കാതോർത്തിരുന്നു. എനിക്ക് നിന്നെ ഇഷ്ടമാണെന്ന് ആ ചുണ്ടിൽനിന്ന് കേൾക്കാൻ. ഏകാന്തതയിൽനിന്നുഞാൻ വിദൂരത്തിലേക്ക് കണ്ണുനട്ടിരുന്നു. ഒരു നിഴൽ  വരുന്നതു പോലെ മഴയായതിനാൽ ആരാണെന്ന് വ്യക്തമായില്ല. ശരിക്കും നോക്കി അതെ. അതവൻതന്നെ. ഞാൻ എഴുന്നേറ്റുപോയി. എന്റെ അടുത്തേക്കുവരുംതോറും എന്റെയുള്ളിൽ രോമാഞ്ചം ഉണ്ടായി. റിന്റോ എന്നെ നോക്കാതെ പോയി. നിരാശയുടെവെള്ളിത്തിര എന്റെ യുള്ളിൽ നിറഞ്ഞു. നിർത്താതെ പെയ്തുകൊണ്ടിരുന്ന മഴയെ ഞാൻ ശപിച്ചു. പെട്ടെന്ന് അവന്റെ തിരിഞ്ഞു നോട്ടം എന്റെ കണ്ണുകൾ തിളങ്ങി. അവൻ എന്റെ അടുത്തേക്കുവന്നുകൊണ്ടിരിക്കുന്നു. റിന്റോ മൊഴിഞ്ഞു. ക്യാംപസ് ജീവിതം തുടങ്ങിയപ്പോൾ മുതൽ ഞാൻ നിന്നെ ശ്രദ്ധിക്കുന്നു ഇനി എന്റെ പിറകെ വരരുത്. നിന്നെപ്പോലെ ചേരിയിൽനിന്നും വരുന്നവളെ എന്റെ പ്രിയതമയാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. നാളെ എന്റെ വിവാഹനിശ്ചയമാണ്. നീ വരുവാൻ ഞാനാഗ്രഹിക്കുന്നു. അതിൽ പിന്നെ നാം കാണ്ല്ല. ഞാൻ പൊട്ടിക്കരഞ്ഞുപോയി. ഞാൻ മഴയെ



വകവെക്കാതെ സങ്കടത്തോടും വിഷാദത്തോടും അതിലേറെ നിരാശയോടും കൂടി നടന്നു. ആ മലമുകളിൽ ജീവിതം മടുത്ത് ഞാൻ നിന്നു. മരണത്തിൽനിന്ന് എന്നെ ആരും പിൻ തിരിപ്പിക്കരുതേ എന്ന് ഞാൻ പ്രാർത്ഥിച്ചു. ഞാൻ ചാടാനൊരുങ്ങി. ആരോ എന്നെ പിടിച്ചുവെച്ചതുപോലെ തോന്നി. തിരിഞ്ഞുനോക്കാതെ ചാടാൻ ഞാൻ ശ്രമിച്ചു. ആരോ എന്റെ കവിളിൽ ചുംബിച്ചു. ഞാൻ തിരിഞ്ഞുനോക്കി. ഇന്ന് ഞാൻ ജീവിച്ചിരിക്കാൻ കാരണവാനായ ആ മനുഷ്യൻ മറ്റാരുമായിരുന്നില്ല. എന്റെ അച്ഛൻതന്നെയായിരുന്നു. എന്റെ സങ്കടം എനിക്കടക്കാനായില്ല. ഞാനച്ഛനെ കെട്ടിപ്പിടിച്ചുവിതുമ്പി. ജീവിതത്തിലാദ്യമായിഅച്ഛനെ ഞാനാദരിച്ചു. അപ്പോഴും മഴ തുടർന്നുകൊണ്ടിരുന്നു...





**ക്രിസ്റ്റീന ബിനോയ്**

**VIII:B**

# English Versification



(സംസ്ഥാന മത്സരത്തിൽ A ഗ്രേഡ് നേടിയ കവിത)

# A SLICE OF LIFE



Once in the mid night dreary
I pondered weak and weary,
When the curtain of night ,
fall upon the ground ,I looked
deep into the mysteries of
night Once the sun rises, it
sets downfor the moon
shine,not always I'm down
but I toohave something to
shine,
If I were a bread and you ,
cut into two
You could see majority is pain,
Life always hide something mysterious,
and life always plays something crazy
In the morning like the roses
opens their lips, to get the
sun's hottest kisses,I get a chance
to rise my life, for the blessings
of glowing sun.

At down I saw ,a bit of hope
for the living these lays the life
in the dusty ground I took it
above and touched it palm.
With a sudden sun shine something
jumped back to the floor, I looked
deep to its eyes,noticed a pain
felt like its me in the ground.
Realising a truth of reality I found
all living has Pain inside
weeping alone and faking smile
and that's we called ,



"MATURITY....."
Take your life as a loaf bread
if it cut into slices you could
see only one as happy
andanother as
sad and pain .....But never give
up when things go wrong
and won't quite when you're in
troublebehave like you're okay
and rest of slice bread seems to be happy too,
And this what we call as

KRISHNA.M. 8-A

# “വിജയം വന്ന വഴികൾ" -ഗുണപാഠ കഥ




ഒരിടത്ത് പിശുക്കനായ ഒരു സന്യാസി ഉണ്ടായിരുന്നു.സന്യാസിയുടെ കയ്യിലാണെങ്കിൽ നിറയെ കാശും.കള്ളൻമാർ എടുക്കുമെന്ന് വിചാരിച്ച് അവന്റെ സ്വത്ത്ക്കൾ എല്ലാം ഒരു കാട്ടിൽ കൊണ്ട് വച്ചു അത് ഒരു കുറ്റി ചെടിയുടെ താഴെ ആയിരുന്നു.തന്റെ സ്വത്ത് ആരെങ്കിലും എടുക്കുന്നുണ്ടോ എന്ന് എപ്പോഴും ചെന്ന് നോക്കും.

ഒരു ദിവസം കാട്ടിൽ ചെന്നപ്പോൾ സന്യസിയുടെ കണ്ണ് തള്ളി പോയി.തല കറങ്ങുന്നതായി തോന്നി.കാരണമെന്തായിരുന്നെന്നറിയാമോ അദ്ദേഹത്തിന്റെ സ്വത്ത് മുഴുവൻ നഷ്ടപെട്ടിരിക്കുന്നു.സ്വത്ത് നഷ്ടപെട്ട കാരണം അദ്ദേഹം മരിക്കാൻ വേണ്ടി പോയി.അത് നാട്ടിൽ പരക്കെ പരന്നു.

ആ രാജ്യത്തെ രാജാവായിരുന്നു അജയേന്ദ്രൻ.അദ്ദാഹമാണേൽ അതിബുദ്ധിമാനും.സന്യാസിയുടെ സ്വത്തു നഷ്ടപ്പെട്ട കാര്യം രാജാവറിഞ്ഞു.അദ്ദേഹം സന്യാസിയെ വിളിപ്പിച്ചു.സ്വത്ത് നഷ്ടപ്പെട്ടു എന്ന് കരുതി എന്ന് വിചാരിച്ച് നിങ്ങൾ മരിക്കാൻ

തുനിയണ്ട.നിങ്ങ്ഹൾക്കു നഷ്ടപ്പെട്ട സ്വത്ത് മുഴുവൻ ഞാൻ നിങ്ങൾക്ക് തിരിച്ചു തരാം .രാജാവിന്റെ വാക്ക് കേട്ടപ്പോൾ സ്സ്യാസിക്ക് ആശ്വാസമായി.അപ്പോൾ സന്യാസി കടിന തലവേദന അഭിനയിച്ച് നിലത്ത് കിടന്നു.അപ്പോള് രാജാവ് വൈദ്യൻ മാരെ വിളിക്കാൻ പറഞ്ഞു.



അവർ വന്നപ്പോൾ രാജാവ് പറഞ്ഞു "എത്ര പേരെ നിങ്ങൾ ചികിത്സിക്കുന്നുണ്ട് അതിന്റെ അനുഭവങ്ങൾ പറയാൻ രാജാവ് ആക്ഞാപിച്ചു.അതനുസരിച്ച് വൈദ്യൻമാർ രാജാവിന്റെ അടുക്കൽ ചെന്ന് അവരുടെ ചികിത്സാരീതികളെ കുറിച്ചും രോഗികളെ കുറിച്ചും പറയാൽ തുടങ്ങി.ധാരാളം വൈദ്യൻമാരെ വിസ്തരിച്ചതിൽ ഒരു വൈദ്യനെ മാത്രം രാജാവിന് ഇഷ്ടമായി.കാരണം അദ്ദേഹം വടി കൊണ്ടായിരുന്നു ചികിത്സിച്ചു കൊണ്ടിരുന്നത്. അതിനുവേണ്ടി കൊണ്ടുവന്ന ആളെ കണ്ട് രാജാവ് കിടക്കയിൽ നിന്ന ചാടി എഴുന്നേറ്റു.നീ ഉരുകവേലിന്റെ വടി പറിച്ചപ്പോൾ കിട്ടിയ നിധി ഇപ്പോൾ തന്നെ ഇവിടെ ഏൽപ്പിച്ചു കൊള്ളുക.എല്ലാവരും അമ്പരന്നു നിൽക്കെ വൈദ്യൻ ഞൊടിയിടകൊണ്ട് അദ്ദേഹം ആ നിധി രാജാവിന്റെ കയ്യിൽ ഏൽപ്പിച്ചു.സല്യാസിക്കു തന്റെ നഷ്ടപ്പെട്ട നിധി എല്ലാം തിരിച്ചു കിട്ടി.കളവു തെളിയിച്ച രാജാവിനോട് അദ്ദേഹം നന്ദി പറഞ്ഞു.

ലിയ .പി എസ്സ് - 9-b

# മഴയെ തോൽപ്പിച്ച്... കഥ





**ഒരു സായാഹ്നം** നല്ല മഴയുണ്ടായിരുന്നു.അനു വീട്ടിൽ നിന്നും പുറത്തിറങ്ങി."ഓ വല്ലാത്തൊരു മഴ തന്നെ"അനു പറഞ്ഞുകടയിലെക്കാണ്.കുറേ സാധനങ്ങൾ വാങ്ങുവാൻ ഉണ്ട് പോകുന്നവഴിക്ക് ചെറു പുഴ കടക്കണം നല്ല ഒഴുക്കായിരിക്കും അനു പതുക്കെ ചെളിനിറഞ്ഞ വഴിയിലൂടെ നടക്കണം വല്ലാത്തോരു ആദി അവന്റെ മനസിൽ നിറഞ്ഞിരുന്നു എങ്ങനെ പുഴ കടക്കും എന്ന ചിന്തയായിരുന്നു അവന്റെ മനസ്സിൽ നിറഞ്ഞിരുന്നു.എങ്ങനെ പുഴ കടക്കും എന്ന ചിന്തയായിരുന്നു അവന്റെ മനസ്സിൽ മുഴുവനും. അവൻ ചെറു പുഴയുടെ സമീപത്തെത്തി

അപ്പോഴും മഴ തിമിർക്കുകയാണ്. പുഴ കണ്ട അവൻ അന്തം വിട്ടു നിന്നു മഴവെള്ളപാച്ചിൽ കാരണം പാലം പോലും കാണുന്നില്ല. അവൻ വിശണ്ണനായി കുറച്ചു കഴിഞ്ഞപ്പോൾ മഴ ശമിച്ചു കാലം പതിയെ പ്രത്ത്യക്ഷമായി.അവൻ പുഴ കടന്നുവീണ്ടും യാത്ര തുടർന്നു കുറച്ച് സമയം കഴിഞ്ഞപ്പോഴേക്കും മഴ വീണ്ടും കനത്തു".അവൻ ചിന്തിച്ചു, ഞാൻ മഴയെ തോൽപ്പിച്ചു.......................

**നിമിഷ-x-b**

ചെറുകഥ

# പഠനവും

# ദക്ഷിണയും



. മാണവകം എന്ന രാജ്യത്തെ രാജകുമാരനായിരുന്നു ചന്ദ്രദത്തൻ. രാജാവായിതീരുന്നതിന് മുൻപ് എല്ലാ കാര്യങ്ങളിലും മിടുക്ക സമ്പാദിക്കണമെന്ന് അവൻ തീരുമാനിച്ചു.

ആദ്യം ചന്ദ്രദത്തൻ സംഗീതമാണ് അഭ്യസിക്കാൻ തുടങ്ങിയത്. പക്ഷേ, കുറച്ച് കഴിഞ്ഞപ്പോഴേക്ക് അവനത് മടുത്തു.പിന്നീട് കവിത എഴുതാനായി ശ്രമം.എന്നാൽ കുറച്ച് കഴിഞ്ഞപ്പോഴേക്കും അവനതും മടുത്തു.തുടർന്ന് ചിത്രരചന,പ്രസംഗം, നൃത്തം എന്നിവയെല്ലാം പഠിക്കാൻ ശ്രമിക്കുകയും ഇടയ്ക്കുവെച്ച് നിർത്തുകയും ചെയ്തു.

അങ്ങനെയിരിക്കെ യുവാക്കൾക്കായി ഒരു കലാമത്സരം നടന്നു.ചന്ദ്രദത്തൻ അതിൽ പങ്കെടുത്തു. പക്ഷെ ഒന്നിലും അവന് വിജയം നേടാൻ സാധിച്ചില്ല.പാട്ടിലും നൃത്തത്തിലും എല്ലാം മിടുക്കന്മാരായ മറ്റു യുവാക്കൾ സമ്മാനം വാങ്ങുന്നത് കണ്ടപ്പോൾ ചന്ദ്രദത്തന് കലി വന്നു!

തന്നെ കലാവിദ്യകൾ പഠിപ്പിച്ച ഗുരുക്കന്മാരെ വിളിച്ചുവരുത്തി.'നിങ്ങൾക്ക് ദക്ഷിണയായി കുറെ പണം ഞാൻ തന്നു . എന്നിട്ടോ , നിങ്ങളെന്നെ ഒന്നും പഠിപ്പിച്ചില്ല'.അവൻ ദേഷ്യത്തോടെ ഒച്ചവെച്ചു.

ഗുരുക്കന്മാരുടെ കൂട്ടത്തിൽ ഏറ്റവും മുതിർന്നയാൾ പറഞ്ഞു:

കുമാരാ,ദക്ഷിണ കൂടുതൽ നൽകിയതുകൊണ്ട് ഏതെങ്കിലും

ഒരു കാര്യം കൂടുതൽ പഠിക്കാനാകുമെന്നു കരുതരുത്. ഇന്നിവിടെ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനം നേടിയ യുവാക്കൾ ആരും രാജകുടുംബത്തിൽ ജനിച്ചവരല്ല. കുമാരൻ നൽകിയതുപോലെ വലിയ തുക ദക്ഷിണ തരാൻ ആർക്കും കഴിയുകയും ഇല്ല. എന്നാൽ, അവരും

താങ്കളെപ്പോലെതന്നെ ഞങ്ങളുടെ കീഴിലാണ് ഓരോ വിദ്യകളും അഭ്യസിച്ചത്. പക്ഷെ, ഒപ്പ വ്യത്യാസം- അവരവർക്ക് വാസനയുള്ള വിഷയം തിരഞ്ഞെടുത്ത് അതിൽ മിടുക്കുതെളിയിക്കാനാണ് അവർ ശ്രമിച്ചത്. വർഷങ്ങളോളം അധികഠിനമായിപ്രയത്നിച്ച് അവരെല്ലാം അതിൽ മികവു സ്വന്തമാക്കുകയും ചെയ്തു. എന്നാൽ കുമാരനാകട്ടെ, തനിക്കു വാസനയുള്ള കാര്യം ഏതാണെന്നുതീരുമാനിച്ചുകൂടിയില്ല. മാത്രമല്ല ഓരോ യവും പൂർണ്ണമായി പഠിക്കാൻ ശ്രമിച്ചതുമില്ല. അങ്ങനെയുള്ള ആളുകൾക്ക് തോൽവിതന്നെയാണ് വിധിച്ചിട്ടുള്ളത്. ഒരാൾ രാജകുമാരനായതുകൊണ്ടോ വിദ്യാഭ്യാസത്തിനു കൂടുതൽ പണം ചെലവഴിച്ചതുകൊണ്ടോ ഒരു കാര്യവുമില്ല. ഗുരുവിന്റെ വാക്കുകൾ ചന്ദ്രദത്തന്റെ കണ്ണു തുറപ്പിച്ചു. രാജാവായിത്തീരാനുള്ള ഒരാൾ കഴിവുതെളിയിക്കേണ്ടത് അയോധനവിദ്യയിലാണെന്ന് അവന്

വീണ്ടുവിചാരമുണ്ടായി. അതിൽ അവൻ കഠിനാധ്വനം ചെയ്യുകയും മിടുക്കനായ ഒരു യോധാവാകുകയും ചെയ്തു. പലക്കാലത്ത് വീരശൂരപരാക്രമിയായ ഒരു രാജാവായും ചന്ദ്രദത്തൻ പേരെടുത്തു.


(സമ്പാ:) ആൻഡ്രിയ അന്ന അലക്സ്

IX : B









# മഞ്ഞുമലകൾ സൃഷ്ടിക്കുന്നവർ

നാല് വർഷം പരാശ്രയം കൂടാതെ അനങ്ങാൻപോലും സാധിക്കാതിരുന്ന ഭർതൃമതാവിൻെറ മരണം. ധാരാളം ഒഴിവു സമയം അവൾക്കു സമ്മാനിച്ചു.പത്രം മുഴുവൻ വായിച്ചാലും സമയം പല ചാനലുകളിലെയും വർത്തയും കഥയില്ലാത്ത കാര്യങ്ങളും കണ്ടുതീർത്തു.

ഇപ്പോൾപതിമൂന്ന് വയസ്സുള്ള മകൾവീട്ടിലായാലും പുറത്തുപോയാലും പേടിയാണവൾക്ക്. പേടി സഹികേടായപ്പോൾഅവൾ ഭർത്താവിനോട് പറഞ്ഞു:- മോളെ ഹോസ്റ്റലിലാക്കാ പത്തുമിനുട്ടുകൊണ്ട് നടന്നെത്താവുന്ന ദൂരത്തുള്ള സ്കൂളിൽ പഠിക്കുന്ന കുട്ടിക്ക് ഹോസ്റ്റൽ.നിനക്കെന്താ ഭ്രന്തു പിടിച്ചോ.സാധാരണ ദേഷ്യപ്പെടാത്ത അയാൾ അൽപ്പം കയർത്തു. അതെ എനിക്ക് ഭ്രാന്തു പിടിക്കാതിരിക്കാനാണ്.എൻെറ മോൾക്ക് 13 വയസ്സായി. നിങ്ങളുള്ള വീട്ടിൽ ഞാനെങ്ങനെ അവളെ ഉറപ്പിച്ചു നിർത്തും. ഏതോ മാരകായുധം തലയിൽ ആഞ്ഞുപ്രയോഗിച്ചാലെന്നപോലെ മരവിച്ച് പോയി അയാൾ. ഏറെ നേരമെടുത്ത് മരവിപ്പ്

അൽപ്പമൊന്നുകുറയാൻചിന്താശേഷി തിരിച്ചുകിട്ടിയപ്പോൾ അയാൾ പറഞ്ഞു:-ഞാനിറങ്ങാം.കുട്ടിയും നീയും ഇവിടെ താമസിക്ക്. ഇറങ്ങാൻ തുടങ്ങിയ അയാളെ മകൾ ഓടി വന്നു തടഞ്ഞു. പത്രത്തിൽ വരുന്ന മുഴുവൻ പീഡനകഥകൾ വായിച്ചും ടി.വി. വാർത്ത കണ്ടും അമ്മയുടെ ബോധം നഷ്ടപ്പെട്ടിരിക്കുന്നു. അച്ഛനൊരു കാര്യം ചെയ്യ് പത്രം നിർത്തി കേബിൾ കണക്ഷനും കട്ട് ചെയ്യ്. എന്നിട്ട് അമ്മയെ ഏതെലും സൈക്കാസ്ട്രിസ്റ്റിനെ കാണിക്ക്. ഇത്രദിവസം ഉപദേശം എന്നോടായിരുന്നു. ദേ ഇപ്പോൾ ഉപദ്രവം അച്ഛന്റെ നേരെയായി.

ലഹരിക്കടിമപ്പെട്ട വിരലിലെണ്ണാവുന്ന മാനസിക രോഗികൾ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകാരണം പെൺകുട്ടികൾക്ക് അച്ഛനോട് ചേർന്നു നിൽക്കാൻപോലും പറ്റാതായല്ലോ. അച്ഛന് മകളെ വാത്സല്യത്തോടെ ഒന്നു ചുംബിക്കാൻ പറ്റാതായല്ലോ. എന്ന് പറഞ്ഞ് പൊട്ടിക്കരയുന്ന മകളെ ചേർത്തു നിർത്തി നെറുകയിൽ വാല്യത്തിന്റെ മുത്തം കൊടുത്തപ്പോൾ അയാളുടെ മനസ്സിൽ ഭാര്യയെടുത്തുവച്ച മഞ്ഞുമല ഉരുകി പോയി.....




**linsha -9e**

# <u>യുഗം</u>



''കണ്ണിൽ പടരുന്ന
രക്ത ജ്വാലമേ
മായു നീ അകലേക്ക്
സൂര്യകിരണമാം
ഭയത്തിനു പിന്നിൽ
നിഴലായി മുന്നേറു
മിഴികളിൽ വെളിച്ചമായി''



നന്ദന കൃഷ്ണ
**9E**

# സത്യം

കവിത

**ചൊല്ലുന്നതെല്ലാം സത്യമല്ല..**
**കേൾക്കുന്നതെല്ലാം കാര്യമല്ല..**
**കാണുന്നതിൽ ചിലത് മായാജാലം**
**സത്യം പകരുന്നതൊന്നുമാത്രം..**
**സ്നേഹം നിസ്വാർത്ഥ സ്നേഹം**
**അതു നാം തൊട്ടറിയുന്ന**
**നിത്യസത്യം...**

റോസ്സെല്ലോ മേജോ
9E



***riya.pp***

# യുദ്ധഭൂമി..



രക്തം കട്ടപിടിച്ചു കിടക്കും ദിരാത്രങ്ങൾ മാത്രം..
എങ്ങും വെടിയൊച്ചകൾ എങ്ങും നിലവിളികൾ
പൊലിയുന്നു കുരുന്നു ജീവനുകൾ
കാതിൽ നിലവിളിതൻ ശബ്‌ദം മാത്രം

സമൂഹമാധ്യമങ്ങളിൽ മാത്രം തീരുന്നു
യുവതലമുറതൻ പ്രതിഷേധം
വീശുന്നു വലഞ്ഞവർ ഭക്ഷണം കൊതി
ച്ചപ്പോൾ അവനു ശിക്ഷ മരണം
ദൈവത്തിൻ സ്വന്തം ഭൂവില



ഷഹന വി.എ
9E

# ഭയം ....

ഓടി ഓടി മടുത്ത് ഞാൻ ആ വലിയ കെട്ടിടത്തിനു മുമ്പിൽവന്നു നിന്നു. മഴയത്ത് നനഞ്ഞ് കുളിച്ച ഞാൻ തണുപ്പും ഭയവും കാരണം വിറക്കുന്നുണ്ടായിരുന്നു. ആ ഉയർന്ന കെട്ടിടത്തിന്റെ മുകളിലേക്ക് ഞാൻ നോക്കി. പണ്ടേ ഉപേക്ഷിക്കപ്പെട്ട ആ കെട്ടിടം തകർന്നുപോകുന്നതിന്റെ വക്കിലായിരുന്നു. കെട്ടിടം നോക്കിയ ശേഷം ഞാൻ തിരിഞ്ഞുനോക്കി. ഞാൻ ഭയന്നതു പോലെതന്നെ ആ രൂപം എന്നെ അപ്പോഴും പിന്തുടരുന്നുണ്ടായിരുന്നു. പതിയെ പതിയെ ദൂരെ നിന്നും മഴ നനഞ്ഞ് ആ രൂപം വരുന്നുണ്ടായിരുന്നു. ആ രൂപത്തെ ആദ്യമായി കണ്ട നിമിഷം ഞാനേർത്തു.



സാധാരണ പോലെ, രാവിലെ എണീറ്റ് കുളിയും

പല്ലുതേപ്പും ചായകുടിയും കഴിഞ്ഞ്, ഞാൻ സൈക്കിളും ചവുട്ടി പതിയെ സ്കൂളിലേക്ക് പോവുകയായിരുന്നു. അന്ന് നിരത്തിലൂടെ വാഹനങ്ങൾ പാഞ്ഞോയില്ല. മനുഷ്യരുടെ

തിരക്കേറിയ വഴി അന്ന് കാണാൻ സാധിച്ചില്ല. എങ്ങും നിശബ്ദതയും ഏകാന്തതയും മാത്രം. ഇതിന്റെ കാരണം ചിന്തിച്ചുകൊണ്ട് സൈക്കിൾ ഓടിക്കുമ്പോഴായിരുന്നു ആ ശബ്ദം കേട്ടത്. ആരോ നിലത്തുവീണ ശബ്ദം. ഞാൻ സൈക്കിൾ നിർത്തി തിരിഞ്ഞുനോക്കി. ഇരുണ്ട ആകാശവും വിശാലമായ റോഡും കുറ്റൻ മരങ്ങളുമല്ലാതെ മറ്റൊന്നും അവിടെ ഇല്ലായിരുന്നു. സൈക്കിൾ ചവിട്ടാൻ വേണ്ടി മുമ്പിലേക്കുതിരിഞ്ഞപ്പോൾ ഞാൻ അത് കണ്ടു. എന്റെ മുന്നിൽ ഒരു വികൃതരൂപം നിൽക്കുന്നു. മെലിഞ്ഞുണങ്ങിയ, ഉയരം കൂടിയ, വെളുത്തനിറമുള്ള ആ രൂപം എന്റെ മുന്നിൽ നിന്നു. മഞ്ഞയും ചുവപ്പും കലർന്ന അതിന്റെ കണ്ണുകൾ എന്റെ കണ്ണിലേക്ക് നോക്കിക്കൊണ്ട് അതിന്റെ തുറന്ന വായ മഞ്ഞ നിറമുള്ളപല്ലുകൾ വെളിവാക്കി. കീറിയതും പഴകിയതുമായ വസ്ത്രം ധരിച്ച ആ രൂപത്തിന്റെ കൈയ്യിൽ ഒരു കോടാലി ഉണ്ടായിരുന്നു. അതിൽനിന്നും ഇറ്റി വീഴുന്ന രക്തം കണ്ടപ്പോൾ ഞാൻ കുറേക്കൂടെ ഭയന്നു. അതിന്റെ കോടാലികൊണ്ട് അതെന്നെ ആഞ്ഞുവീശി. തൊട്ടു തൊട്ടില്ല എന്ന മട്ടിൽ അത് എന്റെ മൂക്കിന്റെ അടുത്തുകൂടി



പോയി. ഞാൻ സൈക്കിളിൽ നിന്നും താഴെ വീണു. പിന്നെ ഒന്നും ചിന്തിക്കാതെ തിരിഞ്ഞോടി, കുറച്ച് കഴിഞ്ഞപ്പോൾ മഴപെയ്യാൻ തുടങ്ങി. അപ്പോൾ ഞാൻ ലക്ഷ്യമാക്കിയോടിയ കെട്ടിട്തിന്റെ മുമ്പിലാണ് ഞാൻ

ഇപ്പോൾ നിൽക്കുന്നത്.

പെട്ടെന്നുവന്ന മിന്നൽ എന്നെ എന്റെ ഓർമകളിൽ നിന്നും ഉണർത്തി. ഏൽപനേരം ഇരുണ്ട ഉകാശത്തിന് വെളിച്ചം പകർന്ന് അത് പോയി. ഞാൻ തിരിഞ്ഞുനോക്കി. അത് സ്വന്തംഇപ്പോഴുംഎന്റെപിറകെഇപ്പോഴംവരുന്നുണ്ടായിരുന്നു ഞാൻ ഒന്നുകൂടി ആകാശത്തിലേക്ക് നോക്കിയശേഷം കെട്ടിടത്തിന്റെ ഉള്ളിലേക്ക് കയറി. അത് ഒരു ഉപേക്ഷിക്കപ്പെട്ട ഫാക്ടറിയാണ് എന്നെനിക്ക് മനസ്സിലായി. കുറച്ച് കാർഡ്ബോർഡ്പെട്ടികൾ അടുക്കിവെച്ചിരിക്കുന്നത് ഞാൻ കണ്ടു. അതിന്റെ പിറകിൽ ഞാൻ അഭയം പ്രാപിച്ചു. കുറേ നേരം അവിടെ ഇരുന്നു. പൊട്ടിയ ഒരു ജനാലയിലൂടെ വെളിച്ചവും മഴവെള്ളവും ഉള്ളിലേക്ക് വരുന്നുണ്ടായിരുന്നു. അതിന്റെ അടുത്തുണ്ടായിരുന്ന ഇരുമ്പ് വചി ഞാൻ എടുത്തു. അതിലെ തുരുമ്പ് ുത്ത് കളഞ്ഞ് ഞാൻ അത് കൈയ്യിൽ വെച്ചു. അപ്പോൾ അതിന്റെ ശബ്ദം ഞാൻ വീണ്ടും കേട്ടു. ആ പെട്ടികൾക്കു പിന്നിൽ ഞാൻ വീണ്ടും ഒളിച്ചു. ശബ്ദം അടുത്തടുത്ത് വന്നു. ഞാൻ വീണ്ടും ഒളിച്ചു. അപ്പോൾ ഈർപ്പുള്ള എന്തോ ഒന്ന് എന്നെ തൊട്ടു. ഹൃദയം

നിലച്ചു. ഇതെന്റെ അവസാനമാണോ? എന്റെ
മാതാപിതാക്കളുടെ മുഖം ഞാന് മൗനത്തിൽ ഓർത്തു.
അത് വീണ്ടും എന്നെ തൊട്ടു.

ഞാൻ പതിയെ തിരിയാൻ തുടങ്ങി. എന്റെ കഴുത്ത്
പതിയെ തിരിഞ്ഞു. ഏതുനിമിഷവും ഞാനതിനെ
കരാണാം അപ്പോഴാണ് ഞാനാ ശബ്ദം കേട്ടത്. ഷാനു,
എണീക്ക്. സ്കൂളിൽ പോവാൻ സമയമായി... എന്റെ
അമ്മയായിരുന്നു. ഞാൻ കണ്ണുതുറന്നു.

ഷാനു.പി.പി-9 b

## MY QUOTES ADOUT CONFIDENCE

*You have a hope,Always think how*

*acheive that dream you*

*Confidence make a success man*

*Failure is not then,success is not*

*Confidence makes a smiling person*

*Think hopefully and do hardwork*

*Think you are the best*

# ഈ യാത്ര എങ്ങോട്ട്...

ചിന്തകൾ ക്രൂരമാം  ചിന്തകൾ
എന്തിനീ ആഎന്തിനീരാമ സീമകൾ തൻ
സാന്ത്വന സാന്ദ്രമായകൾ
സത്യപരീക്ഷണ വേളകൾ തൻ
സാന്ത്വനതാളം കേൾക്കവെ..
മിഥ്യലോകത്തിൽ യവനികയിൽ നിന്നും
അടർന്നു വീഴും ഇതളുകൾ വരമായലോകത്തിൻ
സാക്ഷികൾ നാം...
മനസില്ൻ മാത്രം കേൾക്കണം നാം
നന്മതൻ പുലരിക്കായ് കാക്കണം നാം..
മനസില്ൻ മാത്രം കേൾക്കണം നാം
നന്മതൻ പുലരിക്കായ് കാക്കണം നാം..



അമൽ ദേവ്

# രണ്ട് വഴികൾ



ഒരു
സത്യത്തിന്റെയും
മുന്നിൽ തിന്മ

ജയിക്കുന്നില്ല.അത്
എത്ര നീണ്ടതാണേലും

ശരി. തുടക്കത്തില്
തിന്മ ജയിച്ചാലും അവസാന വിജയം

നന്മക്ക് മാത്രമായിരിക്കും. ഒരാൾക്ക് എപ്പോഴും കള്ളം

മാത്രം പറയാതാവില്ല.അതുപോലെതന്നെ സത്യവും. കള്ളം മാത്രം പറയുന്ന ഒരാൾക്ക് ഏതെങ്കിലും ഒരു പ്രതിസന്ധിയിൽ സത്യം പറയേണ്ടിവരും എങ്കിലും നാം

കൂടുതൽ നന്മ പറഞ്ഞു ശീലിക്കണം.നാം ഒരിക്കലും


തിന്മ പാതയിൽ സഞ്ചരിക്കാതിരിക്കണം. ഗാന്ധിജി

സത്യത്തെ ആണ് പിന്തുടർന്നത്. അദ്ദേഹത്തിനു

പ്രിയപ്പെട്ട മൂന്ന് കുരങ്ങുകളുടെ പ്രതിമയുണ്ട്. തിന്മ

.കാണരുത്, തിന്മ കേൾക്കരുത്, തിന്മ പറയരുത്

# ഓർമ്മ...




ഒരായിരം സുഗന്ധം
ഏൻ മനതാരിൽവന്ന്
തലോടിയൊരെൻ ഓർമ്മകൾ

പുസ്തകതാളുകൾക്കപ്പുറം
തുടിക്കുന്നൊരൊറ്റുള്ളം
ശൈശവങ്ങൾക്കിടയിൽ
തുടിക്കുന്നൊരെന്നൊർമ്മകൾ

വിഷാദയായി ആനാദയായി
നിറം മങ്ങിത്തുടങ്ങിയ
ഓർമ്മകളുമായി ഞാനിവിടെ
വിഷാദയായി ആനാദയായിവിടെ

സ്കൂൾ മണിയടിക്കാനായി

കാത്തുനിന്നൊരെൻ ഓർമ്മ

മിഠായുമായി കൂട്ടാകാരോടൊത്തുലസിച്ചി

രസിച്ച വന്നൊരെൻ ഓർമ്മ

andriya anna-9b



# ചിത്രം





***anagha.pb-9b***

# കുട്ടിക്കാലം



ഓർമ്മകൾ പുലരിയാൽ വിടരുംസുഗന്ധം
മണമേകും സുഗന്ധം
മനസ്സിൽ തുടിക്കും സുഗന്ധം
എൻ മടിത്തട്ടിൽ വിടർന്ന് പൂന്താളിക്കും
സുഗന്ധംനോക്കിടിം നോക്കിടിം കാണാത്ത സുഗന്ധം
എൻ ഓർമ്മകൾ എന്നെ തഴുകി വരുന്നു
അത് ആത്മാവിൽ തട്ടി എഴുന്നേൽപ്പിക്കുന്ന
സുഗന്ധംഎൻ ഈ കാലത്തെ തെറുപ്പിച്ച് വരുന്ന
ഓർമ്മകൾക്ക് ഓർക്കാൻ പററാത്ത സുഗന്ധം
എൻെറ മനസ്സിൽ എപ്പോഴും
തുള്ളി മറയുന്ന സുഗന്ധം
അത് നല്ല കുട്ടിക്കാല സുഗന്ധം



**അലൻ ജോൺ**

# എന്റെ പ്രണയം

കാലവും ജീവിതവും എന്നെ
പലതും പഠിപ്പിച്ചു...
കരയാൻ, ചിരിക്കാൻ, ചിന്തിക്കാൻ,
മോഹിക്കാൻ, മുന്നേറാൻ, നഷ്ടങ്ങളകറ്റുവാൻ'
എന്നാൽ എന്റെ പ്രണയമാണ്
എന്നെ ജീവിക്കാൻ പഠിപ്പിച്ചത്.



എന്നാണെനിക്ക് നിന്നോട്
പ്രണയം തോന്നാൻ തുടങ്ങിയത് ?
എന്നാണ് നീ എന്റെ
ഹൃദയത്തോടടുത്തത് ?
എന്നാണ് എന്റെ
ഹൃദയം നിനക്ക് വേണ്ടി തുടിച്ചത് ?
എന്നാണ് എന്റെ
കണ്ണുകൾ നിനക്ക് വേണ്ടി കരഞ്ഞത് ?
ഇതൊന്നുമെനിക്കറിയില്ലെന്നാലും ഇന്നു ഞാനറിയുന്നു,
എന്റെ പ്രണയം അത്
ഉറവ വറ്റാത്തതാണെന്ന്.....

സൂര്യ കെ.എസ് 9.E



# സ്വയം തീർക്കുന്ന മതിലുകൾ



ഈ ലോകത്ത് നന്മ ചെയ്യുന്നവർ ആരൊക്കെയുണ്ടെന്ന് നമ്മൾക്ക് അറിവില്ല.പക്ഷെ ലോകത്തിൽ എല്ലാവരും നന്മ ചെയ്യുന്നുമില്ല.ലോകത്തിൽ നന്മചെയ്യുന്നവർ ഉണ്ടായിരുന്നെങ്കിൽ ഈ ലോകം എന്നേ നന്നായേനെ. പക്ഷേ ഈ ലോകത്തിൽ നന്മയും സൗഹൃദബന്ധവും കുറയുന്നു. ഇപ്പോഴത്തെ മനുഷ്യർക്ക് സ്വന്തമായി വീട്, വണ്ടികൾ, ഫ്ലാറ്റുകൾ എന്നിവയെല്ലാം ഉണ്ട്.അതുകൊണ്ട് ആർക്കും ആരുടെയും കാര്യം അറിയുകയില്ല.എന്തിന് സ്വന്തം .അയൽവാസിയെപോലും അപരിചിതരായി കാണുന്നു

ഇന്ന് ഈ ലോകത്തിൽ എന്താണ് നടക്കുന്നത് ?

ആർക്കും ആരെയും പരിചയമില്ല.അറിവുമില്ല.ജോലി-യും വീടുമായി അവർ ജീവിക്കുന്നു. അതിനാൽ നന്മയുടെ അളവും കുറയുന്നില്ല.എങ്കിലും നാം നന്മയെ അറിയു-കയും ചെയ്യുന്നു. നന്മനശിക്കുന്നില്ല എന്ന പണ്ടത്തെ ലോകത്തിൽ ഇപ്പോൾ


നന്മയുടെ ആർദ്രങ്ങൾ കുറയുന്നു. ലോകത്തിൽ എത്രയോ .നന്മകൾ ചെയ്യുന്നവരുണ്ട്. പക്ഷേ നാം അത് അറിയുന്നില്ല

നാം നന്മ ചെയ്യുന്നു എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ മാത്രം ചെയ്തിട്ട് കാര്യമില്ല. അത് എന്നും നാം ജീവിതത്തിൽ ഉപയോഗിച്ച്



കാണിച്ച് കൊടുക്കണം. ജീവിതത്തിലെ ലക്ഷ്യം തന്നെ നന്മ ആകണം,എന്നല്ല ജീവിതത്തിലെ ഒരു പടിയെ-ങ്കിലും നന്മയുടെ ഒരംശമെങ്കിലും വേണം

**ഷിഫാനത്ത്**



***Noufel*** ***....(refugee***

# പരിശ്രമം

ജീവിതവിജയത്തിന്റെ അടിസ്ഥാന ഘടകമാണ് പരിശ്രമം.

## ചില മഹത് വചനങ്ങൾ

എന്റെ ജീവിതം പരിശ്രമിക്കാനുള്ളതാണ്.

-ഹെലൻ കെല്ലർ

എല്ലു മുറിയെ പണിതാൽ പല്ലു മുറിയെ .തിന്നാം

-പഴഞ്ചൊല്ല്

പരിശ്രമിച്ചാൽ വിജയം ഉറപ്പ്

ഷെറിൻ ബാബു

IX: B











# Assumption highschool s.bathery







ചിത്രപതംഗം

Digital Magazine